അൺഎയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം

43 (1119) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഇതിൽ എത്ര സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടവും കളിസ്ഥലവും ഇല്ലെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ&ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം (14 എ എ) പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെ നിയമനവും നടത്തിപ്പും സർക്കാരിന്റെ നിബന്ധനകൾക്കു വിധേയമാണ്.

2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ.(കൈ)നമ്പർ184/13/പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ.(കൈ) നമ്പർ 863/2015/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly